# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5590 02.11.2016- ൽ മറുപടിയ്ക്ക്

## സഹകരണ ബാങ്കുകളിലെ അനധികൃത നിയമനങ്ങൾ

| ചോദ്യം<br>ശ്രീ. പാറക്കൽ അബ്ദുല്ല | | മറുപടി<br>ശ്രീ. എ.സി.മൊയ്തീൻ<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ അനധികൃത നിയമനങ്ങൾ വ്യാപകമാകുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| ബി) | ക്ലാർക്ക് തസ്തികയിൽ കഴിഞ്ഞ ഓഗസ്റ്റിൽ പുറപ്പെടുവിച്ച വിജ്ഞാപനപ്രകാരം തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ 15 പേർ അയോഗ്യരാണെന്ന വിവരാവകാശ രേഖ പരിശോധിച്ചിട്ടുണ്ടോ; | (ബി) | ഇല്ല. |
| സി) | വിജ്ഞാപന സമയത്ത് യോഗ്യതാകോഴ്സ് പഠിക്കുന്നവരെ പരീക്ഷ എഴുതാൻ അനുവദിക്കുന്ന രീതി ശ്രദ്ധയിൽ-പ്പെട്ടിട്ടുണ്ടോ; | സി) | ഇല്ല. |
| ഡി) | ഉണ്ടെങ്കിൽ ഇത് സുപ്രീം കോടതി വിധിയുടെ ലംഘനമാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (ഡി) | ബാധകമല്ല. |
| ഇ) | എങ്കിൽ സഹകരണ ബാങ്കുകളിലെ നിയമനം സുതാര്യവും അഴിമതിരഹിത-വുമാക്കുന്നതിന് എന്തൊക്കെ നടപടികൾ കൈക്കൊള്ളും; വിശദാംശങ്ങൾ നൽകുമോ? | (ഇ) | സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ/ ബാങ്കുകളിൽ/ സ്ഥാപനങ്ങളിൽ സഹകരണ നിയമത്തിനും ചട്ടത്തിനും റിക്രൂട്ട്മെന്റ് റൂൾസുകൾക്കും വിധേയമായി മാത്രമേ നിയമനങ്ങൾ നടത്തുവാൻ പാടുള്ളൂവെന്ന് കർശന നിർദ്ദേശം അടങ്ങിയ സർക്കുലർ ഇതിനകം പുറപ്പെടുവിച്ചിട്ടുണ്ട്. അനധികൃത നിയമനങ്ങൾക്ക് എതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശവും പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ